**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **08-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ശാഖകൾ വാർഷിക ബിസിനസ് ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ഹെഡ് ഓഫീസ്, റീജണൽ ഓഫീസ് തലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വിശദീകരിക്കാമോ; | (എ) | **ഹെഡ് ഓഫീസ് തലം : -**<br><br>വാർഷിക ബിസിനസ്സ് ലക്ഷ്യം ശാസ്ത്രീയമായി തയ്യാറാക്കി മേഖലാ ഓഫീസ് മുഖാന്തരം ശാഖകൾക്ക് നൽകുന്നു. ബിസിനസ്സ് വിജയത്തിനാവശ്യമായ വിധത്തിൽ വിവിധ സമ്മാനപദ്ധതികൾ കാലാകാലങ്ങളിൽ അവതരിപ്പിക്കുന്നു. കെ.എസ്.എഫ്.ഇ ശാഖകളുടെ ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ശാഖാതലത്തിൽ ക്യാൻവാസിംഗ് ഏജന്റുമാരുടെ സേവനം ഉറപ്പുവരുത്തുന്നു. കൂടാതെ ബിസിനസ്സ് വിജയത്തിനുതകുന്ന വിധത്തിൽ പരസ്യങ്ങൾക്ക് വേണ്ടി ബജറ്റിന്റെ ഒരു ഭാഗം ശാഖാതലത്തിലേയ്ക്കും മേഖലാതലത്തിലേയ്ക്കും വീതിച്ചു നൽകുകയും, ടെലിവിഷൻ, പത്രം, ഔട്ട് ഡോർ മീഡിയ, സോഷ്യൽ മീഡിയ, ഇലക്ട്രോണിക്സ് മീഡിയ തുടങ്ങിയ മാധ്യമങ്ങളിലൂടെ ആകർഷകമായ പരസ്യം നൽകുകയും ചെയ്തുവരുന്നു. കൃത്യമായ ഇടവേളകളിൽ മേഖലാ തലത്തിലും ശാഖാതലത്തിലും അവലോകന യോഗങ്ങൾ നടത്തിവരുന്നു.<br><br>**മേഖലാ തലം (റീജിയണൽ ഓഫീസ്) :-**<br><br>മേഖലാതലത്തിൽ ശാഖകളുടെ ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പരിശീലനം പൂർത്തീകരിച്ച ബിസിനസ്സ് പ്രൊമോട്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നു. ശാഖകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാനും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനുമായി ബിസിനസ്സിന്റെ ചുമതലയുള്ള മാനേജരുടെ കീഴിൽ ഒരു ടീം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മേഖലാ തലത്തിൽ പ്രത്യേകം പരസ്യപ്രചരണം നടത്തുകയും, ശാഖകളുടെ ബിസിനസ്സ് ലക്ഷ്യം |

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നതിനായുള്ള അവലോകന യോഗങ്ങൾ നടത്തി വരുന്നു. |
| (ബി) | വാർഷിക ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ ശാഖകൾ വീഴ്ച വരുത്തിയതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷക്കാലയളവിൽ ഏതെല്ലാം ഉദ്യോഗസ്ഥർ ഏതൊക്കെ തരത്തിലുള്ള ശിക്ഷാനടപടികൾക്ക് വിധേയരായെന്ന് വിശദമാക്കാമോ; | (ബി) | വാർഷിക ലക്ഷ്യം പൂർത്തീകരിക്കാത്തതിന്റെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കാറില്ല. വിശദീകരണം തേടാറുണ്ട്. |
| (സി) | മേൽ സൂചിപ്പിച്ച ശാഖകളിലെ ബിസിനസിന്റെ ചുമതലകൾ മേൽകാലയളവിൽ വഹിച്ചിരുന്ന ഹെഡ് ഓഫീസിലെയും റീജണൽ ഓഫീസിലെയും ഉദ്യോഗസ്ഥരിൽ ആരെയൊക്കെ വീഴ്ചയുടെ ഭാഗമായി ശിക്ഷാനടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (സി) | വാർഷിക ലക്ഷ്യം പൂർത്തീകരിക്കാത്തതിന്റെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കാറില്ല. വിശദീകരണം തേടാറുണ്ട്. |
| (ഡി) | കെ.എസ്.എഫ്.ഇ. യിൽ പ്രവർത്തിക്കുന്ന പ്രോപ്പർട്ടി വാല്യുവർ, പാനൽ അഡ്വക്കേറ്റ് എന്നിവരുമായി ഏതൊക്കെ തരത്തിലുള്ള കരാറുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ; | (ഡി) | കരാറുകൾ നിലവിലില്ല. |
| (ഇ) | വസ്തുവില നിർണയത്തിലെയോ വസ്തു സ്വീകരിക്കുന്നതിലെ നിയമോപദേശത്തിലെയോ വീഴ്ചകൾ കാരണം കെ.എസ്.എഫ്.ഇ.ക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ പ്രോപ്പർട്ടി വാല്യുവർമാരിൽ നിന്നും പാനൽ അഡ്വക്കേറ്റുമാരിൽ നിന്നും ഈടാക്കുന്ന തരത്തിലുള്ള കരാറുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വരുന്ന സാമ്പത്തിക വർഷം മുതൽ അത്തരത്തിലുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുമോയെന്ന് അറിയിക്കുമോ; | (ഇ) | നിയമപരമായി യോഗ്യതകളുള്ള പ്രോപ്പർട്ടി വാല്യുവർമാരുടെയും പാനൽ അഡ്വക്കേറ്റുമാരുടെയും സേവനമാണ് കെ.എസ്.എഫ്.ഇ നിലവിൽ ഉപയോഗിക്കുന്നത്. അവർ തരുന്ന റിപ്പോർട്ടുകളിലെ വീഴ്ചകളിന്മേലുള്ള നഷ്ടം അവരിൽ നിന്നും ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഈ വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (എഫ്) | വരുന്ന സാമ്പത്തിക വർഷം മുതൽ കെ.എസ്.എഫ്.ഇ.യിൽ ജാമ്യം വയ്ക്കുന്ന വസ്തുവിന്റെ വില നിർണയത്തിന് ശാസ്ത്രീയവും ആധികാരികവുമായ വ്യവസ്ഥകളും ക്രമീകരണങ്ങളും നടപ്പിലാക്കാമോ? | (എഫ്) | അത്തരത്തിലുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ